# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നം: 4073

16-05-2017- ൽ
മറുപടിയ്ക്ക്

## സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ നൂതന വായ്പാ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.സി. ജോർജ്ജ് | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | പ്രവാസികളെയും വനിതകളെയും പ്രത്യേകം പരിഗണിച്ച് സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നൂതന വായ്പാ പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പ്രകാരം എന്തൊക്കെ പദ്ധതികൾക്കാണ് കോർപ്പറേഷൻ അംഗീകാരം നൽകുന്നതെന്ന് വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പ്രവാസികൾക്ക് സ്വയംതൊഴിലിനുള്ള വായ്പ ഈടിൻമേൽ വെറും 5% മാത്രം പലിശ നിരക്കിൽ അനുവദിച്ച് വരുന്നുണ്ട്. ഗൾഫിലേക്ക് തിരിച്ച് പോകുന്നതിന് വിസയുടെ നിയമപരമായ വസ്തുതകൾ പരിശോധിച്ച ശേഷം വിസയുടെയും, ടിക്കറ്റിന്റെയും പണം വിസാലോണായി ഈടിൻമേൽ 5% പലിശ നിരക്കിൽ കൊടുത്തുവരുന്നുണ്ട്. ഒരു വർഷത്തിനുള്ളിൽ നിദാകാത്ത് വഴി നാട്ടിലെത്തുന്ന പ്രവാസികൾക്ക് ഈടിൻമേൽ 3% മാത്രം പലിശ നിരക്കിൽ സ്വയം തൊഴിലിനുള്ള വായ്പ അനുവദിച്ച് വരുന്നുണ്ട്. വനിതകൾക്ക് വരുമാനപരിധി നോക്കാതെ ഈടിൻമേൽ 6% മാത്രം പലിശ നിരക്കിൽ സ്വയം തൊഴിലിനുള്ള വായ്പയും അനുവദിച്ച് വരുന്നുണ്ട്. പദ്ധതികൾ നൂതനവൽക്കരിക്കുന്നതിനുള്ള പഠനപ്രക്രിയകൾ നടന്നുവരുന്നു. |
| (ബി) | ടി സംരംഭം തുടങ്ങുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) & (സി) | അപേക്ഷകരുടെ വരുമാന പരിധി 81,000/- രൂപ ഗ്രാമങ്ങളിലും, 1,03,000/- രൂപ നഗരങ്ങളിലും ആണ് നിശ്ചയിച്ചിരിക്കുന്നത്. 4 സെന്റിൽ കുറയാത്ത വസ്തുവിന്റെ ആധാരം അതുമായി ബന്ധപ്പെട്ട മറ്റു രേഖകളും ഈടായി സമർപ്പിക്കേണ്ടതാണ്. കൂടാതെ വായ്പാ തുകക്കനുസരിച്ച് ശമ്പള ജാമ്യവും സ്വീകരിച്ച് വരുന്നുണ്ട്. പ്രവാസി ലോണിന് പ്രസ്തുത വ്യക്തിയുടെ പാസ്പോർട്ടിന്റെ കോപ്പിയും സമർപ്പിക്കണം. അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ കോപ്പി, ആധാർ കാർഡിന്റെ കോപ്പി, ഇലക്ഷൻ ഐ.ഡി യുടെ കോപ്പി, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പ്രൊജക്റ്റ് റിപ്പോർട്ട് എന്നിവ സമർപ്പിക്കേണ്ടതാണ്. പദ്ധതികളെ അടിസ്ഥാനമാക്കി 5% പലിശ നിരക്കിൽ പരമാവധി 10,00,000/- രൂപ വരെയാണ് ഇപ്പോൾ നൽകി വരുന്നത്. |
| (സി) | എത്ര രൂപ വരെയാണ് ഈ പദ്ധതിയിലൂടെ വായ്പ നൽകുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിലേയ്ക്കായി എന്തെങ്കിലും ഈട് വാങ്ങിയാണോ വായ്പ കൊടുക്കുന്നത്; വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| (ഡി) | ഈ കോർപ്പറേഷന്റെ ആസ്ഥാനം എവിടെയാണ്; വിശദമാക്കുമോ; | (ഡി) | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ആസ്ഥാനം കോഴിക്കോടാണ്, അഡ്രസ്സ് 1/1170 എ, KURDFC ബിൽഡിംഗ്, ചക്കോരത്ത് കുളം, വെസ്റ്റ് ഹിൽ (പി.ഒ), കോഴിക്കോട് - 673 005 |
| (ഇ) | മുൻപ് ഗൾഫിൽ നിന്നും ജോലി നഷ്ടപ്പെട്ട് തിരികെവന്നിട്ടുള്ള പ്രവാസികൾക്ക് ഈ പദ്ധതിയിൽ ബിസിനസ്സ് തുടങ്ങുവാൻ അപേക്ഷ സമർപ്പിക്കാമോ; വിശദമാക്കുമോ; | (ഇ) | അപേക്ഷ കോർപ്പറേഷനിൽ നേരിട്ട് സമർപ്പിക്കാവുന്നതാണ്. പ്രവാസികൾക്ക് സ്വയംതൊഴിലിനുള്ള വായ്പ ഈടിൻമേൽ വെറും 5% മാത്രം പലിശ നിരക്കിൽ അനുവദിച്ച് വരുന്നുണ്ട്. ഗൾഫിലേക്ക് തിരിച്ച് പോകുന്നതിന് വിസയുടെ നിയമപരമായ വസ്തുതകൾ പരിശോധിച്ച ശേഷം വിസയുടെയും, ടിക്കറ്റിന്റെയും പണം വിസാലോണായി ഈടിൻമേൽ 5% പലിശ നിരക്കിൽ കൊടുത്തുവരുന്നുണ്ട്. ഒരു വർഷത്തിനുള്ളിൽ നിതാകാത്ത് വഴി നാട്ടിലെത്തുന്ന പ്രവാസികൾക്ക് ഈടിൻമേൽ 3% മാത്രം പലിശ നിരക്കിൽ സ്വയം തൊഴിലിനുള്ള വായ്പ അനുവദിച്ച് വരുന്നുണ്ട്. വനിതകൾക്ക് വരുമാനപരിധി നോക്കാതെ ഈടിൻമേൽ 6% മാത്രം പലിശ നിരക്കിൽ സ്വയം തൊഴിലിനുള്ള വായ്പയും അനുവദിച്ച് വരുന്നുണ്ട്. അപേക്ഷകരുടെ വരുമാന പരിധി 81,000/- രൂപ ഗ്രാമങ്ങളിലും, 1,03,000/- രൂപ നഗരങ്ങളിലും ആണ് നിശ്ചയിച്ചിരിക്കുന്നത്. 4 സെന്റിൽ കുറയാത്ത വസ്തുവിന്റെ ആധാരം അതുമായി ബന്ധപ്പെട്ട മറ്റു രേഖകളും ഈടായി സമർപ്പിക്കേണ്ടതാണ്. കൂടാതെ വായ്പാ തുകക്കനുസരിച്ച് ശമ്പള ജാമ്യവും സ്വീകരിച്ച് വരുന്നുണ്ട്. പ്രവാസി ലോണിന് പ്രസ്തുത വ്യക്തിയുടെ പാസ്പോർട്ടിന്റെ കോപ്പിയും സമർപ്പിക്കണം. അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ കോപ്പി, ആധാർ കാർഡിന്റെ കോപ്പി, ഇലക്ഷൻ ഐ.ഡി യുടെ കോപ്പി, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പ്രൊജക്റ്റ് റിപ്പോർട്ട് എന്നിവ സമർപ്പിക്കേണ്ടതാണ്. പദ്ധതികളെ അടിസ്ഥാനമാക്കി 5% പലിശ നിരക്കിൽ പരമാവധി 10,00,000/- രൂപ വരെയാണ് ഇപ്പോൾ നൽകി വരുന്നത്. |
| (എഫ്) | കോർപ്പറേഷൻ നേരിട്ടാണോ, അതോ ബാങ്കുകൾ വഴിയാണോ ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (എഫ്) | കോർപ്പറേഷൻ നേരിട്ടാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കോർപ്പറേഷന്റെ അക്കൗണ്ടിൽ നിന്നും അപേക്ഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് വായ്പാ തുക നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**